## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4620 — 25.06.2019-ൽ മറുപടിയ്ക്ക്

### ചെല്ലാനം തീരത്ത് നടപ്പാക്കിയ സംരക്ഷണ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ തീരദേശശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും കരയെയും മൽസ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | (എ) | തുറമുഖങ്ങളുമായി ബന്ധപ്പെട്ട് പുലിമുട്ട് നിർമ്മിക്കുമ്പോൾ സമീപ തീരത്തുണ്ടാകുന്ന തീരശോഷണം തടയുന്നതിനായി ഗ്രോയിൻ നിർമ്മാണം ചെയ്യുന്നുണ്ട്. മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപത്തെ തീരശോഷണം തടയുന്നതിനും കൊല്ലം ബീച്ച് മുതൽ താന്നി വരെ തീരസംരക്ഷണം നടത്തുന്നതിനും വേണ്ടി 82.02 കോടി രൂപയുടെ ഗ്രോയിൻ/ പുലിമുട്ട് നിർമ്മാണം KIIFB ധനസഹായത്തോടെ നടപ്പാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മുതലപ്പൊഴി ഫിഷറി ഹാർബർ-ഷോർ പ്രൊട്ടക്ഷൻ വർക്ക് അറ്റ് താഴംപള്ളി സൈഡ് ആന്റ് കഠിനംകുളം കായൽ | 1831.00 |
| 2 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് ഓൺ സതേൺ സൈഡ് ഓഫ് എസ്റ്റ്യുറി ഓഫ് ചേറ്റുവ ഫിഷിംഗ് ഹാർബർ | 686.00 |
| 3 | ഫിഷിംഗ് ഹാർബർ പ്രോജക്ട് തലായ് ഇൻ കണ്ണൂർ കൺസ്ട്രക്ഷൻ ഓഫ് അഡീഷണൽ ഗ്രോയിൻസ്. | 348.00 |

| | | |
|---|---|---|
| 4 | ബീച്ച് സ്റ്റബിലൈസേഷൻ ഓൺ സതേൺ സൈഡ് ഓഫ് മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ | 1347.00 |
| 5 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് കായംകുളം ഫിഷിംഗ് ഹാർബർ | 242.00 |
| 6 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ | 240.00 |
| 7 | കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള തീരസംരക്ഷണപ്രവൃത്തി | 3508.00 |
| | ആകെ | 8202.00 |

കൂടാതെ കടൽ ഭിത്തി നിർമ്മാണവും പുനരുദ്ധാരണവും കടലാക്രമണവും തടയുന്നതിന് കരിങ്കല്ലുപയോഗിച്ച് Rubble Mount Seawall നിർമ്മാണവും ജലവിഭവ വകുപ്പ് മുഖേന ചെയ്തു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലുൾപ്പെടുന്ന ചെല്ലാനം തീരത്ത് ഈ സർക്കാർ കാലയളവിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ ; | | ചെല്ലാനം തീരത്തുള്ള പ്രവർത്തികൾ ഫിഷറീസ് വകുപ്പ് മുഖേനയല്ല. ജലവിഭവ വകുപ്പാണ് ചെയ്തുവരുന്നത്. |
| (സി) | ഇതിന്റെ ഭാഗമായി ചെല്ലാനം തീരത്തെ പ്രവൃത്തികൾക്ക് ഈ സർക്കാർ നാളിതുവരെ വകയിരുത്തിയ തുക എത്ര; അതിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക ചെലവായി ;പദ്ധതികൾ തിരിച്ച് വ്യക്തമാക്കുമോ? | (ബി) & (സി) | ചെല്ലാനം തീരത്തെ പ്രവൃത്തികൾക്കായി നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന 11.24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 13.34 ലക്ഷം ചെലവായി. പദ്ധതികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | പ്രവൃത്തിയുടെ പേര് | തുക (കോടി) | റിമാർക്സ് | ചിലവാക്കിയ തുക (ലക്ഷം) |
|---|---|---|---|---|
| 1. | ചെല്ലാനം പഞ്ചായത്തിൽ കമ്പനിപ്പടിയിൽ CESCP Stone 985 നും 986നും ഇടയ്ക്ക് 100 മീറ്റർ നീളത്തിൽ അടിയന്തിര സംരക്ഷണപ്രവൃത്തി | 0.136 | പൂർത്തികരിച്ചു. | 13.34 |
| 2. | കടലാക്രമണ പ്രതിരോധ പ്രവർത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി. പി സ്റ്റോൺ 984 നും 986-നും ഇടയിലായി സി.ഇ.എസ്.സി. പി സ്റ്റോൺ 985 ന് തെക്കു നിന്ന് 46 മീറ്റർ മുതൽ കമ്പനിപ്പടിയുടെ വടക്ക് ഭാഗത്ത് 300 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള തകർന്നതും , താഴ്ന്നുപോയതുമായ കടൽഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തികൾ (275 മീറ്റർ നീളത്തിൽ) | 2.17 | ടെർമിനേറ്റ് ചെയ്തു | ഇല്ല |
| 3 | കടലാക്രമണ പ്രതിരോധ പ്രവർത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി. പി സ്റ്റോൺ 997 നും 999-നും ഇടയിലായി സി.ഇ.എസ്.സി. പി സ്റ്റോൺ 998 ന് തെക്കു നിന്ന് 25 മീറ്റർ മുതൽ വേളാങ്കണ്ണി പള്ളിയുടെ വടക്ക് ഭാഗത്ത് 180 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള തകർന്നതും , താഴ്ന്നുപോയതുമായ കടൽഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തികൾ | 1.18 | ടെർമിനേറ്റ് ചെയ്തു | ഇല്ല |
| 4 | കടലാക്രമണ പ്രതിരോധ പ്രവർത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി. പി സ്റ്റോൺ 1029 നും 1031 നും ഇടയിലായി സി.ഇ.എസ്.സി. പി സ്റ്റോൺ 1029 ന് വടക്കു നിന്ന് 100 മീറ്റർ മുതൽ ചെറിയ കടവിന്റെ വടക്കു ഭാഗത്ത് 200 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള തകർന്നതും , താഴ്ന്നുപോയതുമായ കടൽഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തികൾ(175 മീറ്റർ നീളത്തിൽ) | 1.46 | പ്രവൃത്തി റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫൈനൽ നോട്ടീസ് നല്കിയിട്ടുണ്ട്. | ഇല്ല |

| | | | | |
|---|---|---|---|---|
| 5. | കടലാക്രമണ പ്രതിരോധ പ്രവർത്തികൾ ചെല്ലാനം ദ്വീപിൽ വേളാങ്കണ്ണി പള്ളിക്ക് സമീപം ബസാറിൽ സി.ഇ.എസ്.സി. പി സ്റ്റോൺ 995 നും 997 നും ഇടയിലായി സി.ഇ.എസ്.സി. പി സ്റ്റോൺ 995 ന് വടക്കു നിന്ന് 75 മീറ്റർ മുതൽ വടക്കോട്ട് 300 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള തകർന്നതും , താഴ്ന്നുപോയതുമായ കടൽഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തികൾ | 2.17 | ടെർമിനേറ്റ് ചെയ്തു | ഇല്ല |
| 6. | കടലാക്രമണ പ്രതിരോധ പ്രവർത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ വാച്ചക്കലിൽ സി.ഇ.എസ്.സി. പി സ്റ്റോൺ 983 നും 984 നും ഇടയിലായി സി.ഇ.എസ്.സി. പി സ്റ്റോൺ 983 ന് വടക്കു നിന്ന് 42 മീറ്റർ മുതൽ വടക്കോട്ടേക്ക് 140 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള തകർന്നതും , താഴ്ന്നുപോയതുമായ കടൽഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തികൾ | 1.02 | പ്രവൃത്തി റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫൈനൽ നോട്ടീസ് നല്കിയിട്ടുണ്ട്. | ഇല്ല |
| 7. | വാച്ചാക്കൽ ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 982 നും 983നും ഇടയ്ക്ക് ജിയോബാഗ് ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണപ്രവൃത്തി | 0.14 | റീ ടെണ്ടർ ചെയ്തുവെങ്കിലും ആരും പങ്കെടുത്തില്ല | ഇല്ല |
| 8 | പുത്തൻതോട് ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 1016 നും 1018നും ഇടയ്ക്ക് ജിയോബാഗ് ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണപ്രവൃത്തി | 0.15 | റീ ടെണ്ടർ ചെയ്തുവെങ്കിലും ആരും പങ്കെടുത്തില്ല | ഇല്ല |
| 9. | വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 997നും 999നും ഇടയ്ക്ക് ജിയോബാഗ് ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി | 0.1010 | സെലക്ഷൻ നോട്ടീസ് അയച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പും മണൽ എടുക്കുന്നതിനെ ചൊല്ലിയുള്ള തർക്കവും മൂലം പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചില്ല. | ഇല്ല |
| 10 | വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 996നും 997നും ഇടയ്ക്ക് ബസാറിൽ ജിയോബാഗ് ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി | 0.287 | | ഇല്ല |
| 11 | വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 998 നും 999നും ഇടയ്ക്ക് ജിയോബാഗ് ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണപ്രവൃത്തി | 0.1150 | ടെണ്ടർ ചെയ്തിട്ടുണ്ട്. | ഇല്ല |
| 12 | കമ്പനിപ്പടിയിൽ CESCP Stone 984 നും 986നും ഇടയ്ക്ക് ജിയോബാഗ് ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണപ്രവൃത്തി | 0.287 | ടെണ്ടർ ചെയ്തിട്ടുണ്ട്. | ഇല്ല |

2018-ലെ പ്രളയത്തിന് ശേഷമുള്ള SDRF ഫണ്ട് ലഭ്യമായപ്പോൾ ഉപ്പാത്തിക്കാട് തോടിലെ ചെളിയും മണ്ണും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് 48.3 /- ലക്ഷം രൂപയും വിജയം കനാലിലെ ചെളിയും മണ്ണും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് 153.80/- ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തു. ഇവ അംഗീകാരം നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

ചെല്ലാനം തീരത്തെ പ്രവൃത്തികൾക്ക് ഈ സർക്കാർ വകയിരുത്തിയ തുക = 11.24 കോടി

നാളിതുവരെ ചിലവാക്കിയ തുക = 13.34 ലക്ഷം

സെക്ഷൻ ഓഫീസർ.